## പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ : 5041 24.07.2015-ലെ മറുപടിയ്ക്ക്

### വൈക്കം നിയോജക മണ്ഡലത്തിൽ ടൂറിസം

ചോദ്യം

ശ്രീ.കെ.അജിത്

ഉത്തരം

ശ്രീ.എ.പി.അനിൽ കുമാർ

(പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി)

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിനോദസഞ്ചാര വകുപ്പിന്റെ കീഴിൽ വൈക്കം നിയോജക മണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന പദ്ധതികൾ ഏതൊക്കെയെന്നും പ്രസ്തുത പദ്ധതികൾക്ക് എത്ര തുക വീതം വകയിരുത്തിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(എ)

| ക്രമ നം. | പദ്ധതി | അനുവദിച്ച തുക |
|---|---|---|
| 1 | വേമ്പനാട് തീരം വികസന ടൂറിസം പദ്ധതി | 97.38 ലക്ഷം രൂപ |
| 2 | വൈക്കം വടയാർ വേ സൈഡ് അമിനിറ്റി സെന്റർ, തലയോലപറമ്പ് | 47 ലക്ഷം രൂപ |
| 3 | വലിയാനപുഴ എന്ന സ്ഥലത്ത് 'ടേക്ക് എ ബ്രേക്ക്' ടൂറിസം പദ്ധതി | 46 ലക്ഷം രൂപ |

(ബി) ഗ്രാമീണ ടൂറിസം പദ്ധതിക്ക് ഏറ്റവും കൂടുതൽ സാദ്ധ്യതയുള്ള വൈക്കത്ത് ഗ്രാമീണ ടൂറിസവുമായി ബന്ധപ്പെട്ട ഏതെല്ലാം പദ്ധതികളാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) "Gods own Country People's own Tourism" പദ്ധതിയിൽ മറവൻ തുരുത്ത്, ചെമ്പ്, തലയാഴം തുടങ്ങിയ പഞ്ചായത്തുകളെയും വൈക്കം മുനിസിപ്പാലിറ്റിയെയും ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

(സി) വൈക്കത്തെ ചില പഞ്ചായത്തുകളിൽ അനുവദിച്ച ഉത്തരവാദിത്വ ടൂറിസം പദ്ധതിയുടെ ഇതുവരെയുള്ള പുരോഗതി വ്യക്തമാക്കുമോ;

(സി) മറവൻതുരുത്ത് പഞ്ചായത്തിൽ ടൂറിസം റിസോഴ്സ് ഡയറക്ടറി പൂർത്തിയാക്കുന്നതിനുള്ള അനുമതി ലഭ്യമായിട്ടുണ്ട്. വൈക്കം മുനിസിപ്പാലിറ്റി, ചെമ്പ് പഞ്ചായത്ത് എന്നിവിടങ്ങളിൽ ടൂറിസം റിസോഴ്സ് ഡയറക്ടറി തയ്യാറാക്കുന്നത് അന്തിമഘട്ടത്തിലാണ്.

| | | | |
|---|---|---|---|
| (ഡി) | വിനോദസഞ്ചാര മേഖലയിൽ വൈക്കത്ത് ഇനി ഏതൊക്കെ പദ്ധതികൾക്കാണ് സാധ്യതയുള്ളതായി കണ്ടെത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ? | (ഡി) | വൈക്കം, മറവൻതുരുത്ത്, ചെമ്പ്, ഉദയനാപുരം, കല്ലറ (എഴുമാന്തുരുത്ത് പ്രദേശം) എന്നീ പഞ്ചായത്തുകൾ കേന്ദ്രീകരിച്ച് ഉത്തരവാദിത്ത ടൂറിസത്തിന്റെ ഭാഗമായ വില്ലേജ് ലൈഫ് എക്സ്പീരിയൻസ് പാക്കേജുകൾ വരുന്ന ടൂറിസം സീസണിൽ ആരംഭിക്കും. വൈക്കം താലൂക്കിലെ വിവിധ പ്രാദേശിക പ്രത്യേകതകളുള്ള ഉത്സവങ്ങളും കലാരൂപങ്ങളും ഉൾപ്പെടുത്തി ഫെസ്റ്റിവൽ കലണ്ടർ ഉത്തരവാദിത്ത ടൂറിസം പദ്ധതിയുടെ ഭാഗമായി തയ്യാറാക്കുകയും അവയെ വില്ലേജ് ലൈഫ് എക്സ്പീരിയൻസ് ഉൾപ്പെടെ വിവിധ ടൂർ പാക്കേജുകളുടെ ഭാഗമാക്കി മാറ്റുന്നതിനും പ്രചരിപ്പിക്കുന്ന തിനുമുള്ള നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ